# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നമ്പർ ഇ1/8019/14

തിരുവനന്തപുരം
തീയതി : 24-07-2014

വിഷയം - സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ശ്രീമതി സുശീല. റ്റി ശിശുവികസന പദ്ധതി ആഫീസർ ശാസ്താംകോട്ട - അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1) 05-03-2014 ലെ , ശാസ്താംകോട്ട ശിശുവികസന പദ്ധതി ആഫീസറുടെ അപേക്ഷ
2) 21-03- 2014 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ ഉത്തരവ്

ശാസ്താംകോട്ട ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി . സുശീല. റ്റി ചികിൽസയ്ക്കായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ 12-03-14 മുതൽ 25-04-14 വരെ കെ. എസ്. ആർ ചട്ടം 100 പ്രകാരമുള്ള Hysterectomy അവധിയും തുടർന്ന് 26-04-2014 മുതൽ 10-06-2014 വരെ അർദ്ധവേതനാവധിയും അനുവദിക്കണമെന്ന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു. പൊതു തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ അവധി അനുവദിക്കാതെ പരാമർശം 2 പ്രകാരം ചുമതല മാറ്റി നൽകിയിരുന്നു.

ഈ സാഹചര്യത്തിൽ ജീവനക്കാരിയുടെ അപേക്ഷ പരിഗണിച്ച് ശാസ്താംകോട്ട അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി സുശീല. റ്റിയ്ക്ക് 12-03-14 മുതൽ 25-04-14 വരെ കെ. എസ്. ആർ ചട്ടം 100 പ്രകാരമുള്ള Hysterectomy അവധിയും, തുടർന്ന് 26-04-2014 മുതൽ 10-06-2014 വരെ അർദ്ധവേതനാവധിയും അർഹതാവിധേയമായി അനുവദിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശാസ്താംകോട്ട അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി സുശീല. റ്റി അവധിയിൽ പ്രവേശിച്ചിരുന്നില്ലായിരുന്നുവെങ്കിൽ ഇതേ തസ്തികയിൽ തന്നെ തുടരുമായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ശ്രീമതി സുശീല. റ്റി
ശിശുവികസന പദ്ധതി ഓഫീസർ, ശാസ്താംകോട്ട

<u>പകർപ്പ്</u>

എക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യനീതി ഓഫീസർ, കൊല്ലം.
ജില്ലാ പ്രോഗ്രാം ഓഫീസർ, കൊല്ലം.
സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻപ്രകാരം
സൂപ്രണ്ട്